**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4650** **29-10-2021 - ൽ മറുപടിയ്ക്ക്**

**കായംകുളം നഗരസഭയിലെ കുടിവെള്ള വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി യു പ്രതിഭ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കായംകുളം നഗരസഭ പ്രദേശത്ത് കുടിവെള്ള പൈപ്പുകൾ കാലപ്പഴക്കത്താൽ പൊട്ടി കുടിവെള്ള വിതരണം തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നിലവിലുള്ള എ.സി. പൈപ്പുകൾ മാറ്റി നഗര പ്രദേശങ്ങൾക്ക് അഭികാമ്യമായ രീതിയിൽ ശുദ്ധജല വിതരണം നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ? | (എ) | ഉണ്ട് . കായംകുളം നഗരസഭ പ്രദേശത്ത് കാലപ്പഴക്കം വന്ന കുടിവെള്ള പൈപ്പുകൾ നിലവിലുണ്ട് . സ്റ്റേറ്റ് പ്ലാൻ 2019-20 ൽ ഉൾപ്പെടുത്തി മോട്ടൽ ആരാമം മുതൽ തൊണ്ടിൽകുന്നിൽ പാലം വരെയും ഒതനാക്കുളത്തിനു പടിഞ്ഞാറ് മുതൽ ഐക്യ ജംഗ്ഷൻ വരെയും 100 മി.മീ. എ.സി പൈപ്പ് മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തിക്ക് 45.3 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നു. ആയതിന് ദർഘാസ് ക്ഷണിച്ചെങ്കിലും അടങ്കൽ തുകയേക്കാൾ 14.99% അധിക തുക രേഖപ്പെടുത്തിയതിനാൽ ദർഘാസ് റദ്ദ് ചെയ്യുകയും എസ്റ്റിമേറ്റ് പുനർ നിർണ്ണയം നടത്തി വരുകയും ചെയ്യുന്നു. കൂടാതെ നിലവിലെ തകരാറുള്ള എ.സി. പൈപ്പുകൾ മാറ്റുവാനും, നഗരപ്രദേശത്ത് മുഴുവൻ വീടുകൾക്കും കണക്ഷൻ നൽകാവുന്ന വിധത്തിലും അർബൻ ജല ജീവൻ മിഷനിൽ ഉൾപ്പെടുത്തി കുടിവെള്ള കണക്ഷൻ നൽകുന്ന കാര്യവും കേരള വാട്ടർ അതോറിറ്റി പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ